**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 777** — **24-08-2022 - ൽ മറുപടിയ്ക്ക്**

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5-ൽപ്പെട്ട എടച്ചേരി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി വിട്ടുനൽകാമെന്ന് എടച്ചേരി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭൂമി വിട്ടു നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഭൂമി പഞ്ചായത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ വിശദമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5-ൽപ്പെട്ട എടച്ചേരി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി വിട്ടുനൽകാമെന്ന് എടച്ചേരി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭൂമി വിട്ടു നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിനോട് അഭിപ്രായം ആരായാൻ 25.06.2022-ന് രജിസ്ട്രേഷൻ വകുപ്പ് റവന്യൂ വകുപ്പിന് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത കത്തിന് ലഭിച്ച മറുപടി വ്യക്തമാക്കാമോ; | (സി) | പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനായി നിലവിൽ റവന്യൂ വകുപ്പിനോട് അഭിപ്രായം ആരായേണ്ട സാഹചര്യമുള്ളതായി കണ്ടെത്തിയിട്ടില്ലാത്തതിനാൽ രജിസ്ട്രേഷൻ വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് ഇത്തരത്തിൽ കത്ത് നൽകിയിട്ടില്ല. |
| (ഡി) | പഞ്ചായത്ത് വകുപ്പിൽ നിന്നും ഭൂമി ലഭ്യമാക്കുവാൻ റവന്യൂ വകുപ്പിനോട് അഭിപ്രായം ആരായാൻ റവന്യൂ വകുപ്പിന് കത്ത് നൽകേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനായി നിലവിൽ റവന്യൂ വകുപ്പിനോട് അഭിപ്രായം ആരായേണ്ട സാഹചര്യമുള്ളതായി കണ്ടെത്തിയിട്ടില്ലാത്തതിനാൽ രജിസ്ട്രേഷൻ വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് ഇത്തരത്തിൽ കത്ത് നൽകിയിട്ടില്ല. |
| (ഇ) | പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കാൻ പഞ്ചായത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | ഉണ്ട്; കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

ആർ 1 - 5243/2016

ജില്ലാ രജിസ്ട്രാറുടെ കാര്യാലയം
കോഴിക്കോട് തീയ്യതി 07/12/2018
E mail: regkzk.ker@nic.in Phone 0495 2721895

ജില്ലാ രജിസ്ട്രാർ(ജനറൽ)
കോഴിക്കോട്

സെക്രട്ടറി/പ്രസിഡണ്ട്
എടച്ചേരി ഗ്രാമപഞ്ചായത്ത്
എടച്ചേരി പി ഒ

സർ,

വിഷയം: രജി വകുപ്പ്- എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തനത്തിനായി കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കാനുള്ള അപേക്ഷ - സംബന്ധിച്ച്
സൂചന: 1. എടച്ചേരി സബ് രജിസ്ട്രാരുടെ 19/12/2018ലെ സി.43/18 നംപർ കത്ത്

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. 01/10/1920 നു പ്രവർത്തനം ആരംഭിച്ച എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് നിലവി ൽ 2000ത്തിലധികം ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതും 4000ത്തോളം ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളും നിരവധി ആധാരപകർപ്പുകളുടെ അപേക്ഷകളും കൈകാര്യം ചെയ്യുന്നതുമായ ഓഫീസാണ്. ഈ ഓഫീസ് നിലവി ല് ശരാശരി നൂറിലധികം പൊതുജനങ്ങള് വിവിധ ആവശ്യങ്ങള്ക്കായി സന്ദർശിക്കാറുണ്ട്. റവന്യൂ ഭൂമി ലഭ്യമല്ലാത്തതിനാല് ഈ ഓഫീസിനു നാളിതുവരെ സ്വന്തം കെട്ടിടം നിർമ്മിക്കാന് സാധിച്ചിട്ടില്ല. നിലവി ൽ വാടക കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. വാടകകെട്ടിടത്തിന്റെ സ്ഥലപരിമിതിമൂലം ആവശ്യത്തിനു ശുചിമുറികളും റാമ്പ് ഉള്പ്പെടെയുള്ള സൌകര്യങ്ങളും നിർമ്മിച്ച് ഭിന്നശേഷി സൌഹൃദ ഓഫീസ് ആക്കുവാന് സാധിക്കാത്ത അവസ്ഥ നിലവിലുള്ളതിനാല് എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് സന്ദർശിക്കുന്ന അംഗപരിമിതർ ഉള്പ്പെടെയുള്ള പൊതുജനങ്ങള്ക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്ന അവസ്ഥ നിലവിലുള്ളതായി എടച്ചേരി സബ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേല് സാഹചര്യത്തില് എടച്ചേരി സബ് രജിസ്ട്രാർ ഓഫീസിനു സൌകര്യപ്രദമായ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി എടച്ചേരി ഗ്രാമപഞ്ചായത്തു വക സ്ഥലം രജിസ്ട്രേഷന് വകുപ്പിനു വിട്ടുനല്കണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

ജില്ലാ രജിസ്ട്രാർ(ജനറൽ)
കോഴിക്കോട്

True copy
20/09/21


Generated from eOffice by SYAMKUMAR S, FIN5 IGR, FIN5 IGR, IGR on 29/08/2022 01:57 pm